# MIRROR

## ലിറ്റിൽ കൈറ്റ്സ്

2018-19

little KITEs

**MAGAZINE**

**M T V H S S KUNNAM**

**ഉള്ളടക്കം**

പത്രാധിപസമിതി അംഗങ്ങൾ........ 3
പത്രാധിപലേഖനം........ 4
ആരംഭം........ 5
ആശംസകൾ........ 6
വിദ്യാലയം........ 8
കാറ്റിന്റെ ഊർജം........ 9
Aspirations Of My Life........ 11
Bike........ 12
Discipline........ 13
Tree........ 14
കണ്ണാടി........ 15
നക്ഷത്രജാലങ്ങൾ........ 16
അമ്മേ..പ്രണാമം........ 17
Wander Nature........ 18
വിദ്യാർത്ഥികളും മൂല്യബോധവും........ 20
ചിത്രശലഭം........ 22
My Cat........ 23
മാന്ത്രിക സംഖ്യകൾ........ 24
കേരളത്തെ മാറ്റിയ വിദേശികൾ........ 25
A Good Friendship........ 27
മൂലകങ്ങളിലെ രസകരമായ കഥകൾ........ 28
പഴഞ്ചൊല്ലുകൾ........ 30
2019........ 32
ഒരു പനിനീർപ്പൂവിന്........ 33
നന്ദി........ 35

# പത്രാധിപസമിതി അംഗങ്ങൾ

| | |
|---|---|
| ചീഫ് എഡിറ്റർ | ശ്രീമതി ബീന എം ജോർജ് |
| സ്റ്റാഫ് എഡിറ്റർ | ശ്രീമതി അന്ന വർഗീസ് |
| സ്റ്റുഡൻറ് എഡിറ്റർ | ജയലക്ഷമി എസ് നായർ |

| | |
|---|---|
| ജോയൽ എബ്രഹാം വർഗീസ് | IX A |
| ഹരിനാരായണൻ ഇ എസ് | IX A |
| സന്ന കെ ജോസഫ് | IX A |
| അഭിഷേക് എസ് രവി | IX A |
| സനീഷ് സി രാജൻ | IX B |
| ടിന്ന മാത്യു | IX A |
| നിഖിൽ ബൈജു | IX A |


# പത്രാധിപലേഖനം

സാങ്കേതികവിദ്യയുടെ അനന്തസാധ്യതകളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് ഇതിലൂടെ സാധിക്കുന്നു.

"മിറർ" എന്ന ഡിജിറ്റൽ മാസികയുടെ നിർമ്മാണത്തിൽ സഹകരിച്ച എല്ലാ കൂട്ടുകാർക്കും ആത്മാർത്ഥമായ നന്ദി. കുട്ടികളുടെ ഭാവനയും വികാരവിചാരങ്ങളും ഡിജിറ്റൽ സങ്കേതങ്ങളിലൂടെ 'മിറർ' എന്ന മാസികയുടെ പിറവിക്ക് ഇടയായി .കഥകൾ കവിതകൾ ലേഖനങ്ങൾ ഇവകൊണ്ട് ഈമാസികയെ സമ്പന്നമാക്കിയ എല്ലാകൂട്ടുകാർക്കും നന്ദി.

ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കിയബഹുമാന്യയായ ഹെഡ്മിസ്ട്രസ്,അദ്ധ്യാപകർ,കൈറ്റ്മാസ്റ്റേഴ്സ് എന്നിവരോടുള്ള കൃതജ്ഞത ആദരപൂർവ്വംപ്രകാശിപ്പിച്ചുകൊണ്ട് നിർത്തുന്നു.

# ആരംഭം



# ആശംസകൾ

കുന്നം മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. നമ്മുടെപ്രതിഭകളുടെ മികവ് നമുക്ക് ദർശിക്കാം

അജ്ഞാന അന്ധകാരമകറ്റുവാൻ കുഞ്ഞുങ്ങളുടെ പ്രവർത്തനം മുതൽ കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു വിദ്യാഭ്യാസ സങ്കല്പങ്ങൾ മാറി മറിയുന്ന ഈ കാലത്ത് നൂതന ആശയങ്ങളുമായി കൈറ്റ് ക്ലബ്ബംഗങ്ങളോടൊപ്പം ഇതിൽ പങ്കാളികളായ എല്ലാ കുട്ടുകാർക്കും ആശംസകൾ........

ഹെഡ്മിസ്ട്രസ്

***ബീന എം ജോർജ്***

***എം ടി വി എച്ച് എസ് എസ്,കുന്നം***

# ആശംസകൾ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ
ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്ന  പദ്ധതി ആണല്ലോ.
ലിറ്റിൽ  കൈറ്റ്സ് ഐടി  കൂട്ടായ്മ  കുട്ടികളിലെ
സർഗവാസനകളെ  ഉണർത്തുക ഭാവനശേഷി
വളർത്തുക സാങ്കേതിക വിദ്യ കളുടെ സാധ്യതകളെ
പ്രയോജനപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ
തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ  മാഗസിന്
എല്ലാ അനുമോദനങ്ങളും നേരുന്നു

കൈറ്റ് മിസ്ട്രസ്
ജിജിമോൾ പി ജോർജ്

# വിദ്യാലയം




വിദ്യ എന്ന രണ്ടക്ഷരം

ചൊൽവതുകേട്ടു

വിജയം എന്ന മൂന്നക്ഷരം നേടാൻ

വിദ്യാലയം എന്ന പൂമുറ്റത്തു

വന്നിട്ടുമീ ഞങ്ങൾ

ഗുരുനാഥൻ ചൊൽക നൽ വചനങ്ങൾ

ഹൃദയത്തിൽ ഹൃദിസ്ഥമാക്കി

നാളെയീ മുറ്റത്തു

പ്രതിഭയായി നില്ക്കുവാൻ

സർവ്വേശ്വരാ തുണയ്ക്കു ഞങ്ങളെ..

# കാറ്റിൻെറ ഊർജ്ജം

ബാഷ്പം അന്തരീക്ഷത്തിൽ കൂട്ടംകൂടി മേഘങ്ങളായാലും പൊടിപടലങ്ങളില്ലാതെ അവക്ക ജലമോ അതു തണുക്കുന്ന മഞ്ഞ് കണങ്ങളോ ആകാൻ കഴിയില്ല.മേഘങ്ങളാകട്ടെ ഉയരത്തിലെത്തി തണുക്കുമ്പോഴാണ് സാധാരണ മഴത്തുള്ളികളായി മാറുക. ബാഷ്പീകരണത്തിന് സാധ്യത കൂടിയ ഉഷ്ണ മേഖലാ പ്രദേശങ്ങളിലായിരിക്കും മേഘങ്ങൾക്ക് വലിപ്പവും ശക്തിയും കൂടുതൽ.

മേഘങ്ങളിലുള്ള ജലബാഷ്പം അവ ഉണ്ടാവാനായി സ്വീകരിച്ച ഊർജ്ജം അവയിൽ ശേഖരിച്ചുവച്ചിട്ടുള്ളത് സാന്ദ്രീകരണസമയത്ത് പുറത്തേക്ക് വിടുന്നു.തിളച്ച വെള്ളത്തേക്കാൾ ചൂടുണ്ടാവുമല്ലോ നീരാവിക്ക്.ജലബാഷ്പത്തിലുള്ള ഈ അധിക ഊർജ്ജമാണ് കാറ്റുകളുടെ ശക്തി.അന്തരീക്ഷത്തിൽ താപമായി മാറുന്നത് ഈ ഊർജ്ജം തന്നെ. ജലാശയങ്ങളുടെ ഊഷ്മാവ് വർധിക്കുന്നത് ബാഷ്പീകരണം,അന്തരീക്ഷത്തിൽ മേഘങ്ങളുടെ വ്യാപ്തി,അതുണ്ടാക്കുന്ന വിനാശം എല്ലാം വർദ്ധിക്കുന്നു .കുറച്ചു ദിവസം തുടർച്ചയായി മഴ പെയ്താൽ ജലാശയങ്ങൾ തണുക്കുകയും മഴയുടെ ശക്തികുറയുന്നതും ഇതു മൂലമാണ്.

ആഗോളതലത്തിൽ കാറ്റുകളുടെയും സമുദ്രജലപ്രവാഹങ്ങളുടെയും നീക്കം മൊത്തത്തിൽ ഒരുസന്തുലനം സൃഷ്ടിക്കാനുള്ള ഭൗമാന്തരീക്ഷത്തിൻെറ ഒരു ശ്രമമായി കണക്കാക്കണം.ആഗോളതാപനം അന്തരീക്ഷത്തിലും സമുദ്രത്തിലും ഊഷ്മാവ് വർദ്ധിപ്പിക്കുകയും തദ്വാരാ ബാഷ്പീകരണത്തിൻെറ തോതും അതുണ്ടാക്കുന്ന തോതും അതുണ്ടാക്കുന്ന വിനാശവും വർദ്ധിപ്പിക്കുന്നതായി കാണാം

കേരളത്തിൽ അടുത്തുണ്ടായ പ്രളയത്തിന് കാരണമായ മഴ നീണ്ടു നിന്നത് അഗോളപ്രവാഹങ്ങൾ ഇന്ത്യൻ മഹാസമുദ്രത്തിലേക്ക് മറ്റുസമുദ്രങ്ങളിൽ നിന്ന് ചൂടുകൂടിയ ജലം എത്തിച്ചതിനാലാണെന്ന് കണക്കാക്കാം.അതല്ലെങ്കിൽ നിണ്ട ഒരു മൺസൂൺ സൃഷ്ടിക്കാനുള്ള താപോർജ്ജം നമ്മുടെ സമുദ്രത്തിൽ ഉണ്ടാവാനിടയില്ല.അറബിക്കടലിൽ സമുദ്രോപരിതല ഊഷ്മാവ് 31ഡിഗ്രി സെൽഷ്യസിനു മുകളിലായിരുന്നത് ധാരാളം ജലബാഷ്പം അന്തരീക്ഷത്തിലെത്താനും ന്യൂനമർദ്ദങ്ങൾ ഉണ്ടായപ്പോൾ നിർത്താതെ മഴ പെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു.

# ***Aspirations of my life***

As a girl of sixteen,
There are many professions I have seen
There are many places where I have been
But to be a social worker I am keen
Oh,  how lovely it would be to help people,
Who are sad, hurt and disabled.
Oh, to put a smile on their faces,
And to hasten their paces,
Towards happiness and liveliness,
But to achieve my goal,
I shall try,
Failures may come,
But I won't cry

How I will reach my goal,
Is up to me,
And what future has in store,
I shall see.

Saneesh C Rajan

# BIKE



Joyal Abraham Varghese

# DISCIPLINE

The word discipline is very important one.
The explanation is nothing but

If we count A=1 B=2 C=3 D=4 ........etc

D=4


I= 9
S=19
C=3
I=9
P=16
L=12
I=9
P=16
L=12
I=9
N=14
E=5

---


100 %

Anagha Chandran

# TREE



കണ്ണാടി നമ്മുക്ക് ഒന്നുമല്ലായിരിക്കാം കണ്ണു കണാത്തവറ്ക്ക് കണ്ണാടിയാണ് എല്ലാം



# കണ്ണാടി


എൻ സുഹൃത്തിനുണ്ടൊരു കണ്ണാടി

ചെമന്ന ചേലുള്ള കണ്ണാടി..കണ്ണുള്ളവന്

വിലയേറുംകണ്ണിൻ മൂല്യമറിഞ്ഞൂടാ

ഞങ്ങടെ പോട്ടക്കണ്ണാടിക്ക് : *by karthik*

# നക്ഷത്ര ജാലങ്ങൾ



# അമ്മേ... പ്രണാമം

അമ്മയെന്നുള്ളൊരാ പൂജ്യ നാമം
ആർദ്രഭാവങ്ങളാൽ അനശ്വരമാക്കി
കാരുണ്യ മണിദീപം കയ്യിലേന്തി
കൽക്കത്തയിലെ മദർ തെരേസാ
അവനിയിൽ കനിവിൻ മാലാഖയായി

സ്നേഹത്തിൽ അമ്മിഞ്ഞ പാല് നൽകി
സാന്ത്വനത്തിൻ കുളിർ തലോടലേകി
അഗതികൾക്കെല്ലാം ആലംബമായി
അശരണർക്കെല്ലാം ശരണമേകി

ജീവനവല്ലിതൻ കർമ്മസൂനങ്ങളിൽ
ത്യാഗത്തിൻ പരിമളം പകർന്നു നൽകി
താപസ വീഥിയിൽ നെയ്ത്തിരിയായി
പതിതരിൽ ദേവദർശനം പൂകി

നെഞ്ചിൽ ചാർത്തി ശ്രീയേശു രൂപം
ചുണ്ടിൽ വിടർത്തി ശുമന്ദഹാസം
ലാളിത്യം മെയ്യിൻ ഉടയാടയാക്കി
അലിവിൻ ധാര നീയൊഴുക്കി

മാതൃത്വത്തിൻ മൂർത്തിത്വം
സ്ത്രീത്വത്തിൻ തരളരൂപം
മദർ തെരേസ! തവ ദർശനം
മഹിയിൽ നിത്യ സ്നേഹ സ്പർശം
ഭാവം സാത്വികം
രൂപം പരിപാവനം
കർമ്മം പരപ്രേമം
ധർമ്മം ദേവസായൂജ്യം

# WONDER NATURE



*The one we hunted is crying*
*showering  the sadness*
*making the mortals regret*
*showing the last bit of mercy*
*she failed to be glorious*

*The men she qrewed*
*showed their heart*
*which was dark*
*and filled with scars*

*They throwed their mother*
*spritted the river*
*Marked their power*
*pierced her harder*

*The wounded nature ; she is crying*
*she's showering  the sadness*

***Rain and flood and thunder***
***she's making her power***
***Showing the first level of anger***
***there was mercy; but no longer***

***The  consequence for***
***what you've done***
***is going to be your future!***
***The consequence of***
***what you are going to do***
***is going to carve your soul!***
***The consequence for***
***hunting the nature***
***is going to be your end!***

Arun

# വിദ്യാർത്ഥികളും മൂല്യബോധവും

ശരീരവളർച്ചയ്ക്ക് ആഹാരം ആവശ്യമായതുപോലെ ബൗദ്ധികവും മാനസികവുമായ വളർച്ചയ്ക്ക് പഠനവിഷയത്തോടൊപ്പം നല്ല സ്വഭാവരൂപീകരണത്തിന്റെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും അനുസരണത്തിന്റെയും ഭാവം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്.താഴ്മയും വിനയവും വളർച്ചയുടെ പടികളാണ്.മുതിർന്നവരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോൾനമുക്ക് അനുഗ്രഹവും നന്മയും ഉണ്ടാകും."മറ്റുള്ളവരെ നമ്മെപ്പോലെ തന്നെ സ്നേഹിക്കണം" എന്ന യേശുദേവന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിൽ പാലിക്കപ്പെടണം.

മനുഷ്യനെ മനുഷ്യനാക്കുന്നത് മൂന്ന് ഘടകങ്ങളാണ്.ഒന്നാമതായി വിവേകപൂർവ്വം ചിന്തിച്ച് പ്രവർത്തിക്കാനുള്ള കഴിവ്.രണ്ടാമതായിസ്നേഹം കൊടുക്കുവാനുള്ള സിദ്ധി.മൂന്നാമതായി സ്വയം ആനന്ദിക്കുവാനുള്ള ശക്തി.ഇവ മൂന്നും സാക്ഷാത്കരിക്കുവാൻ നാം പരിശ്രമിക്കേണ്ടത് അത്യാവശ്യമാണ്.മഹാത്മാക്കളുടെ മൂല്യത്തിനും ആദർശത്തിനുംപ്രാധാന്യം കൊടുത്ത് മുന്നേറുവാനും ശ്രമിക്കണം.

സ്വാർത്ഥതഇന്നിന്റെ മുഖമുദ്രയാണ്.പെട്ടെന്ന് സമ്പന്നനാകുവാൻ മനുഷ്യൻ ഏത് മാർഗവും സ്വീകരിക്കുന്നു.വളരെ ചെറുപ്പത്തിൽത്തന്നെ കുട്ടികളെ മദ്യത്തിനും മയക്കുമരുന്നിനും അടിമകൾ ആക്കുന്നു.മനുഷ്യത്വം മനുഷ്യനിൽ നിന്ന് ഓടിഒളിക്കുന്നു.മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കൾ,മക്കളെ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ,ചതി,വഞ്ചന,കൊലപാതകം....

കൂട്ടുകാരെ ഈസാഹചര്യത്തിൽനല്ല പൗരന്മാരായിത്തീരുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.എന്നാൽ മാത്രമേ നമ്മുടെ സമൂഹവും ദേശവും വളർച്ചയിലേക്ക് മുന്നേറുകയുള്ളൂ.അതിനായ് നമുക്ക് പ്രവർത്തിക്കാം.

*smt.Anu Varghese*

# ചിത്രശലഭം

വർണനിറങ്ങൾ ചിറകിലണിഞ്ഞ്

പാറിനടക്കും പൂമ്പാറ്റപെണ്ണേ

കുട്ടികൾ തൻ മനസിൽ ആനന്ദമുണർത്തി

പൂവിനെചിരിപ്പിച്ചും വന്നെത്തും പൂമ്പാറ്റേ

നിനക്കെവിടുന്നു കിട്ടിയീവർണങ്ങൾ

പൂവായപൂവെല്ലാം ചുറ്റിനടന്നിട്ട്

പൂവിലെ തേനെല്ലാം മൊത്തിക്കുടിച്ചിട്ട്

പൂവിനു ചുറ്റിനും നർത്തനമാടുന്ന

***പൂമ്പാറ്റ പെണ്ണിനെ കണ്ടോ നീ......***



# My Cat



I had a cat
Whose name was pat
She was very fat,
And she loved to chase a rat

She looked very fair
Due to her curly hair
She was very lazy
And sometimes acted crazy

She had a good nose
Which was beautiful as rose
She had a mouth round
Which made irritating sound

She was very pretty
And everyone called her kitty
Such was my cat
Which was pretty and fat

*Joel Abraham Varghese*

# മാന്ത്രിക സംഖ്യകൾ

**പാലിൻ ഡ്രോമുകൾ** ഇ ടത്തു നിന്നും വലത്തു നിന്നും ഒരു പോലെ നരുന്ന വാക്കുകളേയും സംഖ്യകളേയും ആണ് പാലിൻ ഡ്രോമുകൾ എന്നു പറയുന്നത്
585, 121, 14641, 252, 7227, 6336, 15151 , 83538

**കാ പ്രേക്കർ സ്ഥിരാങ്കം** 6174 ഏതെങ്കിലും 4 അക്ക സംഖ്യആരോഹണ ക്രമത്തിൽ എഴുതി ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏററവും വലിയസംഖ്യയും അവരോഹണ ക്രമത്തിൽ എഴുതി ഉപയോഗിച്ച്ഉണ്ടാക്കാവുന്ന ഏററവും ചെറിയ സംഖ്യയും തമ്മിലുളള വ്യത്യാസം 7 ഘട്ടങ്ങൾ ക്കുള്ളിൽ6174 ആയിരിക്കും
8,4,9,6

9846 -6498 = 3357
7533 -3357 = 4176
7641 -1467 = 6174

## Amazing mathematics

1*8 +1 = 9
12*8 +2 = 98
123*8 +3 = 987
1234*8 +4 = 9876
12345*8 +5 = 98765
123456*8 +6 = 987654
*1234567*8 +7 = 9876543*

# കേരളത്തെ മാറ്റിയ വിദേശികൾ

## മാലിക് ദിനാർ

ഇസ്ലാം മതപ്രചാരണത്തിന് എട്ടാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ മാലിക്ദിനാർ മക്കയിലെത്തി മതംമാറിയപെരുമാളിൻെറ ശിപാർശക്കത്തുമായാണ് വന്നത്.അതിനാൽ രാജാവിൻെറ അനുവാദത്തോടെ പള്ളികൾ പണിയുകയും ഒട്ടേറെപേരെ ഇസ്ലാം മതത്തിൽ ചേർക്കുകയും ചെയ്തു.കേരളത്തിലും കർണാടകത്തിലും മതപ്രചാരണം നടത്തിയ അദ്ദേഹമാണ് കേരളത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ളിം അരാധനാലയങ്ങളിലൊന്നായ കോട്ടയം താഴത്തങ്ങാടി ജുമാമസ്ജിദ് സ്ഥാപിച്ചത്.



## അർണോസ് പാതിരി

ഹംഗറിയിൽ നിന്ന് 1701 ൽ കേരളത്തിൽ എത്തി 32 വർഷക്കാലം മിഷൻസാഹിത്യപ്രവർത്തനംനടത്തിയ അർണോസ് അതിനായി മലയാളവും സംസ്കൃതവും പഠിച്ചു.യേശുചരിതം പദ്യരൂപത്തിലാക്കിയപുത്തൻപാന നമ്മുടെ സാഹിത്യചരിത്രത്തിലെ പ്രധാന നാഴികക്കല്ലാണ്. സാധാരണക്കാർക്ക്മനസ്സിലാകുന്ന ഗദ്യമായിരുന്നു സവിശേഷത.



## ബ്രണ്ണൻ സായിപ്പ്

തലശ്ശേരിക്കാരനായി കഴിഞ്ഞ അദ്ദേഹം ദാനധർമ്മങ്ങളിൽ ഏറെ സവിശേഷത കാട്ടി.1862 ൽഅദ്ദേഹം നീക്കിവെച്ച പണം കൊണ്ട് മരണശേഷം സ്ഥാപിച്ച വിദ്യാലയമാണ്പിന്നീട് തലശ്ശരി ബ്രണ്ണൻ കോളേജായത്


## ബെഞ്ചമിൻ ബെയിലി

മലയാളത്തിലെ അച്ചടിയുടെ പിതാവ്.1816 ൽ കേരളത്തിൽ എത്തി.ബൈബിൾ പരിഭാഷപ്പെടുത്തി അങ്ങനെഅച്ചടിയുടെയുംപരിഭാഷയുടെയുംതുടക്കമിട്ടു .ഉരുണ്ടവടിവുള്ളഅച്ചടിഅക്ഷരങ്ങൾഅദ്ദേഹത്തിന്റെ സംഭാവനയാണ്



## ഹെൻറി ബേക്കർ

1919 ൽകേരളത്തിലെത്തിയ ഹെൻറി ബേക്കർ ജൂനിയർ മേലുകാവ് ആസ്ഥാനമാക്കി പൂർവ്വകേരള മഹായിടവകസ്ഥാപിച്ചു.പള്ളിയുടെ കൂടെ പള്ളിക്കൂടം എന്ന ആശയക്കാരനായ അദ്ദേഹം മലനാട്ടിൽനിന്ന് കുന്നംകുളം വരെ അറുപതോളം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു.



## ഹെർമ്മൻ ഗുണ്ടർട്ട്

1838 ൽകേരളത്തിലെത്തിയ ജർമ്മൻ വൈദികൻ.മലയാള വ്യാകരണം, നിഘണ്ടു, പാഠമാലിക എന്നീകൃതികളിലൂടെമലയാളഭാഷയെസേവിച്ച.മലയാളത്തിലെആദ്യപ്രസിദ്ധീകരണമായിഅറിയപ്പെടുന്ന രാജ്യസമാചാരം തലശ്ശേരിയിൽനിന്ന് പുറത്തിറക്കി.മലയാള നിഘണ്ടു ഏറ്റവും പ്രധാന സംഭാവന.



## വില്യം ലോഗൻ

മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൻറെ പേരിൽ അറിയപ്പെടുന്ന മലബാർ കളക്ടറും മജിസ്ട്രേറ്റുമായിരുന്ന സ്കോട്ലൻറുകാരൻ.ചരിത്രം, ആചാരം, മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നിവ പ്രോത്സാഹിപ്പിക്കുന്ന മലബാറിൻെറദേശചരിത്രമാണ് ഈ മാന്വൽ

# A GOOD FRIENDSHIP

when you are sad-I Will dry your tears
when you are scared-I will comfort your fears
when you are worried-I will give you hope
And when you are lost- And can't see the light
I shall be your beacon shining ever so bright
This is my oath-l pledge till the end
why? You may ask-because you are my
friend.....!

**SANNA.K.JOSEPH**

## മൂലകങ്ങളിലെ  രസകരമായ കഥകൾ

1.റോമാക്കാർ ഏററവും അധികം ഉപയോഗിച്ചിരുന്ന ലോഹമായിരുന്ന ചെമ്പ്.യൂറോപ്പിൽ മെഡിറ്ററേനിയൻ സമുദ്രത്തിലെ  ഒരു ദ്വീപ് രാഷ്ട്രത്തി ൽ നിന്നാണ്  ഏററവും അധികം ചെമ്പ്  ഖനനം ചെയ്തിരുന്നത്
അതിനാൽ ഈ രാജ്യത്തിൻെറ   പേരിൽ  നിന്ന തന്നെയാണ് കോപ്പർ എന്ന പേര് നൽകിയത്. ഏതാണഈ രാജ്യം?

സൈപ്രസ്

2.ഗ്രാമ ങ്ങളുടെയും  പട്ടണങ്ങളുടെയും  പേരിൽ മാത്രമല്ല രാജ്യങ്ങളുടെ പേരിലും മൂലകങ്ങളുണ്ട്. കോപ്പറിന് പുറമേ ഗാലിയം ജർമ്മേനിയം റൂഥേനിയം പൊളോണിയം അമേരിസിയം ഫ്രാൻസിയം തുടങ്ങിയവ രാജ്യങ്ങളുടെ പേരിൽ ഉള്ളവയാണ്  ഏതു രാജ്യത്തി ൻെറ പേരിലുള്ള മൂലകമാണ് നിഹോണിയം?

ജപ്പാൻ

3. സെലീനോളജി  എന്ന ശാസ്ത്രീയപഠനം ഇതിനെക്കുറിച്ചാണ് സേലീനിയം (  ) എന്ന മൂലകത്തിന് ആ പേര് നൽകിയതും ഇതി ൻെറ  പേരിലാണ്  സെലിൻ എന്നാണ് ഇതി ൻെറ ദേവതയുടെ പേര്.  എന്താണിത്?

ചന്ദ്രൻ

4.നെപ്പോളിയൻ ബോണപ്പാർട്ട്  സൈമൺ ബോളിവർ ബ്രിട്ടനിലെ ജോർജ് മൂന്നാമൻ  തുടങ്ങിയവരുടെ മരണത്തിന്

കാരണമായത് ഈ മൂലകത്തിൻെറ വിഷം ഉള്ളിൽ ചെന്നതുകൊണ്ടാണെന്ന് പറയപ്പെടുന്നു പണ്ട് കാലത്ത് രാജാക്കൻമാർ ശത്രുരാജാക്കൻമാരെ വിഷം കൊടുത്ത് കൊല്ലുന്നതിനായി ഉപയോഗിച്ചിരുന്നതിനാൽ ഇതിന് രാജാക്കൻമാരുടെ വിഷം എന്നും വിഷങ്ങളുടെ രാജാവ് എന്നും അപരനാമങ്ങളുണ്ട് ഒരു ഗ്രേഡ് 1 കാർസിനോജൻ കൂടിയായ ഈ മൂലകമേത്?

ആർസെനിക്

5.സ്വീഡീഷ് ഭാഷയിൽ ഭാരമേറിയ കല്ല് എന്നാണ് ഈ മൂലകത്തിൻെറ പേരിൻെറ അർഥം. എന്നാൽ ഗ്രീക്ക് ഭാഷയിൽ ഇതിനെ വിളിക്കുന്ന പേര്ഉദ്ഭവിച്ചത് അതിൻെറ അയിരി ൻെറ പേരിൽ നിന്നാണ് . ഈ മൂലകം വേർതിരിച്ചെടുക്കുന്ന പ്രക്രിയയിൽ ധാരാളം തകരം (Tin) ഉപയോഗിക്കപ്പെടുന്നതിനാൽ ചെന്നായ ആടിനെ തിന്നുന്നതുപോലെ ഈ ധാതു തകരത്തെ ഭക്ഷിക്കുന്നു. എന്ന അർഥത്തി ലാണ് ഇതി ൻെറ ഗ്രീക്ക് ഭാഷയിലെ പേര് നൽകപ്പെട്ടതെന്നാണ് ഒരു കഥ. ഏതാണീ ലോഹം?

ടങ്സ്ററൺ

6.ഗ്രീസിലെ തെസ്സാലി എന്ന പ്രവിശ്യയിലെ ഒരു പ്ര ദേശത്തിൻെറ പേരിൽ നിന്നാണ് ഈ മൂലകത്തിന് അതിൻെറ പേര് ലഭിച്ചത്. വാഹനങ്ങളുടെ നിർമ്മാണത്തിനും മൊബൈൽ ഫോണുകൾ ലാപ് ടോപ്പുകൾ കംപ്യൂട്ടറുകൾ ക്യാമറകൾ തുടങ്ങി ഇലക് ട്രോണിക് ഉപകരണങ്ങളുടേയും മിസൈലുകളുടേയും നിർമ്മാണത്തിമുവരെ ഉപയോഗിക്കുന്ന ഈ മൂലകം ഏതാണ്?

മഗ്നീഷ്യം

# പഴഞ്ചൊല്ലുകൾ

- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അച്ഛൻ ആന കേറിയാൽ മകന് തഴമ്പുണ്ടാകുമോ
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
- അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും
- അഞ്ചുവിരലും ഒരുപോലെയല്ല
- അകത്തു കത്തിയും പുറത്ത് പത്തിയും
- അടിച്ചതിന്മേൽ അടിച്ചാൽ അമ്മിയും പറക്കും
- അടുത്തവനെ കെടുത്തരുത്
- അടിതെറ്റിയാൽ ആനയും വീഴും
- ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
- ആനയ്ക്ക് തടിഭാരം ഉറുമ്പിന് അരിഭാരം
- ആളേറിയാൽ പാമ്പ് ചാവില്ല

- ഇടിവെട്ടിയവനെ പാമ്പ് കടിച്ചു
- ഇരയിട്ടാലെ മീൻ കിട്ടൂ
- ഉണ്ടചോറിൽ കല്ലിടരുത്
- ഉരുളുന്നകല്ലിൽ പൂരളുമോ പായൽ
- എല്ലാവരും പല്ലക്കേറിയാൽ ചുമക്കാൻ ആളില്ല
- ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
- ഐകമത്യം മഹാബലം
- ഒരുകോഴികൂകിയാൽ നേരം പുലരില്ല
- ഓളം നിന്നിട്ട് കടലിൽ ഇറങ്ങുമോ
- ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പേ
- ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന്
  കഞ്ഞി കുമ്പിളിൽ തന്നെ

# 2019

2019 is the smallest number that can be written in 6 ways as the sum of the squares of 3 primes

$$7^2 + 11^2 + 43^2 = 2019$$

$$7^2 + 17^2 + 41^2 = 2019$$

$$13^2 + 13^2 + 41^2 = 2019$$

$$11^2 + 23^2 + 37^2 = 2019$$


$$17^2 + 19^2 + 37^2 = 2019$$

$$23^2 + 23^2 + 31^2 = 2019$$

It is also the sum of all unique perfect powers up to

Feba John

# ഒരു പനിനീർപൂവിന്



പനിനീർദലംപോലെ ചാച്ചാ...നിന്റെ
പ്രിയമേറുമോർമകൾ വീണ്ടും
പരിപാവനം നിന്റെ സ്നേഹം...
പാരിലിനിയും മറക്കാതെ ഞങ്ങൾ
വരമായ് പിറന്നതാ കാശ്മീർ മഞ്ഞി-
ലടിവെച്ചുറച്ചതീ മണ്ണിൽ...
കുട്ടിൽ പിടഞ്ഞോരാ ബാല്യം- ആറ്റു
നോറ്റെത്ര നാളിൽ സ്വരൂപ...
മോത്തലാലിന്നുറ്റ പുത്രൻ,മോഹ-
മെല്ലാം ത്യജിച്ചാ മഹാത്മൻ
കമലയ്ക്കു കാന്തനായ് കാലംകണ്ടൊ-
രാദർശതാതനായ് ചാച്ചാ...
ജയിലറയ്ക്കുള്ളിലാജന്മം-നാടിൻ
ജയഭേരികാക്കുന്ന നാളിൽ....
പ്രിയദർശിനിക്കെത്ര മുത്തം നല്കി
പ്രിയമോടെ കുറിമാനമായി

നാവിൽ പിടഞ്ഞതും ജയ്ഹിന്ദ് നിന്റെ

നെഞ്ചിൽ തുടിച്ചതും ജയ്ഹിന്ദ്
നിധിപോലെ നീ തന്നെ പുണ്യം-ഇന്നു
നവഭാരതത്തിന്റെ കീർത്തി
വീരപണ്ഡിതാ പ്രിയനേതാവങ്ങി
യണികൾക്കൊരാവേശമിന്നും...
ക്രൂരമ്പുതോക്കുന്ന വാക്കിൽ-ഒട്ടു
പതറപതിച്ചുവോ ബ്രിട്ടൻ...
കാണാക്കടാങ്ങളി ഞങ്ങൾക്കിന്നു-
മെന്നും മരിക്കാത്ത ചാച്ചാ
നിറയുന്ന നിനവോടെ നേരാം
ഞങ്ങളൊരു നൂറു പുതുജന്മസൗഖ്യം..

# നന്ദി

ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാസികയുടെ നിർമ്മാണത്തിൽ സഹകരിച്ച എല്ലാവരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു...

